**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **09-08-2023 - ൽ മറുപടിയ്ക്ക്**

**എം. എൽ. എ. ഫണ്ട്- തച്ചിൽക്കുളം നവീകരിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022 - 2023 എം. എൽ. എ. യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 3-ൽ പള്ളിക്കുന്ന് തച്ചിൽക്കുളം നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അഴീക്കോട് മണ്ഡലത്തിലെ കണ്ണൂർ കോർപ്പറേഷൻ ഡിവിഷൻ 3-ൽ പള്ളിക്കുന്ന് തയ്യിൽ കുളം നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലേയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ല എന്നുള്ള ഉത്തരവ് ഉണ്ടായിരിക്കെ പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | എംഎൽഎ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 8 പ്രകാരം, നഗരങ്ങൾ/പട്ടണങ്ങൾ/ ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ കുളങ്ങളുടെ നവീകരണം അനുവദനീയമാണ്. ജല സംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രകുളങ്ങൾ (ആരാധനാലയങ്ങളുടെ കുളങ്ങൾ മാത്രം) നവീകരിക്കുവാൻ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡിക പരിഷ്കരിച്ച് 20.08.19 തീയതിയിലെ സ.ഉ (അച്ചടി)നം.110/2019/ധന പുറപ്പെടുവിച്ചിട്ടുള്ളതും 27.06.2022 തീയതിയിലെ സ.ഉ(അച്ചടി) നം.75/2022/ധന പ്രകാരം, വാട്ടർ ഷെയർ എഗ്രിമെന്റിന്റെ മാതൃക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.പ്രസ്തുത കുളം കോർപ്പറേഷന്റെ ആസ്തിയിൽ ഉൾപ്പെട്ടതല്ല എന്നുള്ള വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ, ടി കുളം ആരാധനാലയത്തിന്റെ ഭാഗമായിട്ടുള്ളതോ, ക്ഷേത്രക്കുളമോ ആണെങ്കിൽ അടിയന്തിരമായി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് 26.07.2023 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതും പ്രവൃത്തി ആരംഭിക്കാനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ